ബ്ലോക്ക് പഞ്ചായത്തുകളിലെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ

107 (6025) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് കൂടുതലായി പഞ്ചായത്തുകൾക്ക് നടപ്പിലാക്കാൻ കഴിയുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 391 ഗ്രാമപഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ 33 ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിച്ചിട്ടുണ്ട്.

(ബി) നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ കാർഷിക വികസന പ്രവൃത്തികൾ, മണ്ണു-ജലസംരക്ഷണ പ്രവർത്തികൾ, ഹോർട്ടികൾച്ചർ തുടങ്ങിയവ വ്യാപകമായി ചെയ്യാവുന്നതാണ്. പ്രസ്തുത പ്രവർത്തികൾ നടത്തപ്പെടുന്നതിലൂടെ ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശികമായി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

ത്രിതല പഞ്ചായത്തുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ

108 (6026) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ , ജില്ലാപഞ്ചായത്തുകൾ എന്നിവ ഉണ്ട് എന്നു വ്യക്തമാക്കാമോ ;

(ബി) ഇതിൽ ശുചിത്വത്തിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമപുരസ്കാരത്തിന് എത്ര ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ അർഹരായെന്ന് വെളിപ്പെടുത്തുമോ ;

(സി) 2001-ൽ സംസ്ഥാനത്താരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സമ്പൂർണ്ണ ശുചിത്വ യജ്ഞം' പൂർണ്ണമായും ലക്ഷ്യം കാണുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പദ്ധതിക്ക് കീഴിൽ നടപ്പാക്കിയ പ്രധാനപ്പെട്ട ശുചീകരണ പ്രവർത്തനങ്ങൾ എന്തൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly